തെരുവുവിളക്കുകളുടെ വിദ്യുച്ഛക്തി ചാർജ്ജ് കുറയ്ക്കാൻ നടപടി

* 35. [63] ശ്രീ. എ. പി. കുര്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പഞ്ചായത്തുകളിൽ വഴിവിളക്കുകൾ കത്തിക്കുന്നതിനും മറ്റും ഉപയോഗിക്കുന്ന വിദ്യുച്ഛക്തിയുടെ നിരക്ക് വർദ്ധിപ്പിച്ചുകൊണ്ടുള്ള ഇലക്ട്രിസിറ്റി ബോർഡിന്റെ തീരുമാനം റദ്ദാക്കി പഴയ നിരക്കുകൾ പുനഃസ്ഥാപിച്ചില്ലെങ്കിൽ വർദ്ധിപ്പിച്ച നിരക്കു കൊടുക്കാൻ തയ്യാറില്ലെന്ന പഞ്ചായത്തുകളുടെയും പഞ്ചായത്തു പ്രസിഡന്റ്സ് അസോസിയേഷന്റെയും തീരുമാനങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതനുസരിച്ച് ഇലക്ട്രിസിറ്റി നിരക്കുകൾ കുറയ്ക്കാൻ ആവശ്യമായ നിർദ്ദേശം ബോർഡിനു നൽകാൻ നടപടികൾ സ്വീകരിക്കുമോ?

വിദ്യുച്ഛക്തി മന്ത്രി (ശ്രീ. എം. എൻ. ഗോവിന്ദൻനായർ):

(എ) ഉണ്ട്.

(ബി) ഈ പ്രശ്നം ഗവൺമെന്റിന്റെ സജീവ പരിഗണനയിലിരിക്കുകയാണ്.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്): പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും വിളക്കുകൾ കത്തിക്കുന്നുണ്ടെങ്കിലും ബിൽ കൊടുത്താൽ പുതുക്കിയ നിരക്കിൽ പണം കെട്ടാറില്ലെന്ന വിവരം അറിയാമോ?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: അങ്ങനെ കെട്ടാതിരിക്കുമെന്നു പ്രതീക്ഷിക്കുന്നില്ല. അതനുസരിച്ചുള്ള തുക കെട്ടുകയില്ലായിരിക്കാം, പക്ഷേ തർക്കം തീരുമ്പോൾ ഇതിനു ഒരു പരിഹാരമുണ്ടാകും.

ശ്രീ. പി. ജി. പുരുഷോത്തമൻപിള്ള: വർദ്ധിപ്പിച്ച തോതിൽ പണം കൊടുക്കാൻ സാദ്ധ്യമല്ല, അതുകൊണ്ട് തെരുവുവിളക്കുകൾ കത്തിക്കേണ്ടതില്ലെന്നു പഞ്ചായത്തുകൾ അറിയിച്ചിട്ടും സുവോമോട്ടോയായി കത്തിക്കുന്നുണ്ട്. അതിനു എങ്ങനെ പരിഹാരം കാണും?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: അതു പരിഹരിക്കുന്നതിനു ബുദ്ധിമുട്ടുള്ള കാര്യമല്ല. ഈ ടാരിഫ് റിവിഷൻ നടത്തിയിട്ടുള്ളത് ഗവൺമെന്റാണ്. ഗവൺമെന്റ് ഒരു സബ് കമ്മിറ്റിയെവച്ച് ഇതിന്റെ ചെലവും മറ്റു കാര്യങ്ങളും കണക്കാക്കി ടാരിഫ് വർദ്ധിപ്പിച്ചുകൊള്ളണമെന്നു തീരുമാനിച്ചിട്ടുള്ളതാണ്. അങ്ങനെ നിയമമനുസരിച്ച് ഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ള വർദ്ധിപ്പാണ് ഇത്. ഇലക്ട്രിസിറ്റി ബോർഡിനെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ് മറ്റൊരു തീരുമാനമെടുക്കുന്നതുവരെ നിയമപ്രകാരം ഈ തുക ആവശ്യപ്പെടുകയും വാങ്ങുകയും ചെയ്യാൻ ശ്രമിക്കുന്നതാണ്. ഇത് ഒരു തർക്കമെന്ന നിലയിൽ ഗവൺമെന്റുമായി കൂടിയാലോചന നടന്നുകൊണ്ടിരിക്കുന്ന കാര്യമാകയാൽ നിയമപ്രകാരം ചാർജ് കുട്ടിച്ചെയ്യാനോ, കണക്ഷൻ ഡിസ്കണക്ട് ചെയ്യാനോ പാടില്ല. ഇതു പഞ്ചായത്തും ഗവൺമെന്റും തമ്മിൽ ചർച്ചചെയ്തു തീരേണ്ട കാര്യമായിട്ടാണ് വച്ചിരിക്കുന്നത്.

† Question put by Shri R. Krishnan (Palghat).

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള: കേരളത്തിലെ പഞ്ചായത്തുകളിൽ 90 ശതമാനവും സാമ്പത്തികമായി വളരെയധികം പിന്നണിയിലാണെന്നു ബഹുമാനപ്പെട്ട മന്ത്രിക്കറിയാം. ആ സ്ഥിതിക്ക് ഇന്നു നിലവിലുള്ള സ്ഥിതിയിൽനിന്നു വിഭിന്നമായി കുറച്ചുകൂടി വർദ്ധിപ്പിക്കുകയാണെങ്കിൽ അതു ദുരൂഹമായിരിക്കുമെന്നു മനസ്സിലാക്കി പിന്നണിയിൽ നിൽക്കുന്ന പഞ്ചായത്തുകൾക്ക് എന്തെങ്കിലും ഗ്രാന്റോ ധനസഹായമോ നൽകി ഈ പ്രശ്നം പരിഹരിക്കുന്നതിനെപ്പറ്റി ദയാപൂർവ്വമായി പരിഗണിക്കുമോ?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: ഇലക്ട്രിസിറ്റി ബോർഡിന്റെ മന്ത്രിയുടെ ദയവിന്റെ അടിസ്ഥാനത്തിൽ പരിഹരിക്കേണ്ട ഒരു കാര്യമല്ല ഇത്. ഇലക്ട്രിസിറ്റി ബോർഡ് ഏതാണ്ട് ഒന്നര കോടി രൂപയോളം മുനിസിപ്പാലിറ്റികൾക്കും പഞ്ചായത്തുകൾക്കും ലൈറ്റ് പഴയ നിരക്കിൽ കൊടുക്കുന്നതിന്റെ ഫലമായി നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നുണ്ട്. ആ നഷ്ടം എങ്ങനെ നികത്താം, ആരു സഹിക്കും എന്നീ കാര്യങ്ങളെപ്പറ്റി ആലോചിച്ച് കഴിവുള്ളിടത്തോളം അനുഭാവപൂർവ്വമായ ഒരു നിലപാടായിരിക്കും ഗവൺമെന്റ് എടുക്കുന്നതെന്നാണ് എന്റെ വിശ്വാസം. പക്ഷേ ഇലക്ട്രിസിറ്റി ബോർഡിന്റെ നഷ്ടം അതു നഷ്ടമായി തുടരാൻ പറ്റുമോ? അതുകൊണ്ട് എവിടെനിന്നെങ്കിലും, എങ്ങനെയെങ്കിലും, റവന്യൂവിൽ നിന്നെങ്കിലും ഇതിനു ഒരു പരിഹാരം ഉണ്ടാകുകയും വേണം.

ഏലാ പദ്ധതികൾ

* 36. [64] ശ്രീ. പി. ഐ. പൗലോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി-തൊഴിൽ മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം എത്ര ഏലാ പദ്ധതികൾ അനുവദിച്ചിട്ടുണ്ട്; ഏതെല്ലാം;

(ബി) കൂടുതലായി ഏലാ പദ്ധതികൾ അനുവദിക്കാൻ ഉദ്ദേശമുണ്ടോ; എവിടെയെല്ലാം;

(സി) കൂടുതലായി ഏലാ പദ്ധതികൾ അനുവദിക്കുമ്പോൾ ഇതുവരെ ഒരെണ്ണംപോലും അനുവദിച്ചിട്ടില്ലാത്ത പഞ്ചായത്തുകൾക്ക് മുൻഗണന നൽകുമോ?

കൃഷിയും തൊഴിലും മന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ):

(എ) ഈ വർഷം 82 പുതിയ ഏലാ വികസന പദ്ധതികൾ അനുവദിച്ചിട്ടുണ്ട്. അവയുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) ഉദ്ദേശമുണ്ട്. എവിടെയെല്ലാം ആണെന്നു തീരുമാനമായിട്ടില്ല.

(സി) പഞ്ചായത്തടിസ്ഥാനത്തിലല്ല ഏലാ പദ്ധതികൾ അനുവദിക്കുന്നത്.

ശ്രീ. പി. ഐ. പൗലോസ്: എറണാകുളം ജില്ലയിൽ പറവൂർ ബ്ലോക്കിൽ ഏലാ പദ്ധതി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. വക്കം പുരുഷോത്തമൻ: സാധാരണ പ്രാദേശികമായി ഉദ്യോഗസ്ഥൻമാർ ഏലാ പദ്ധതി നടപ്പിലാക്കാൻ കൊള്ളാവുന്ന സ്ഥലങ്ങൾ തിരഞ്ഞെടുത്ത് റിപ്പോർട്ട് ചെയ്യുകയാണ് പതിവ്. കാരണം എല്ലാ സ്ഥലത്തും ഇതു നടപ്പിലാക്കാൻ സാദ്ധ്യമല്ല. ഈ പദ്ധതികൊണ്ടുദ്ദേശി

† Appendix I